(10) കായംകുളം താപനിലയത്തിനുവേണ്ടി അക്വയർ ചെയ്ത വസ്തുവിന്റെ നഷ്ടപ്രതിഫലം

ശ്രീ. ടി. കെ. ദേവകുമാർ: കായംകുളം താപനിലയത്തിനുവേണ്ടി 250-ഓളം ഏക്കർ സ്ഥലം ഡ്രൈ ലാന്റും വെറ്റ് ലാന്റും ഉൾപ്പടെയുള്ളത്, ജില്ലാ ഭരണകൂടമാണ് എൻ. ടി. പി. സി.-ക്കുവേണ്ടി അന്ന് അക്വയർ ചെയ്തത്. ഈ സ്ഥലത്തിന്റെ വില നിശ്ചയിച്ചത് റവന്യൂ അധികാരികൾ ആയിരുന്നു. ഈ ഭൂമിയുടെ ഉടമസ്ഥർ വില വർദ്ധിച്ചുകിട്ടുന്നതിനുവേണ്ടി മാവേലിക്കര ജില്ലാ കോടതിയിൽ നൽകിയ കേസിൽ ഭൂവുടമസ്ഥർക്ക് അനുകൂലമായ വിധിയുണ്ടായപ്പോൾ എൻ.ടി.പി.സി. ഹൈക്കോടതിയിൽ അപ്പീൽ പോകുകയുണ്ടായി. അന്നത്തെ എം. പി. ആയിരുന്ന ശ്രീ. റി. എം. സുധീരനും ഞാനും അവിടുത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ഈ ഭൂമിയിൽ പോയി സംഘടനകളുമായി സംസാരിക്കുകയും എൻ.ടി.പി.സി. ഇക്കാര്യത്തിൽ ഒരു പൊതുധാരണയിൽ എത്താൻ തയ്യാറാകുകയും ചെയ്തു. അതിൽ എത്തിയ ധാരണ എന്നുപറയുന്നത്, കൊടുത്ത വിലയുടെ 150%, അതായത്, ഒന്നര ഇരട്ടി ഡ്രൈ ലാന്റിനും 100%, അതായത്, ഇരട്ടി വെറ്റ് ലാന്റിനും നഷ്ടപരിഹാരമായി കൊടുക്കുമെന്നായിരുന്നു. അതനുസരിച്ചുള്ള തുക 2003 ഡിസംബർ മാസത്തിൽ വിതരണം ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റിലേക്ക് എൻ.ടി.പി.സി. അടയ്ക്കുകയുണ്ടായി. അഡ്വക്കേറ്റ് ജനറലിന്റെയും റവന്യൂ സെക്രട്ടറിയുടെയും കളക്ടറുടെയും ഒക്കെ ഒപ്പീനിയനും അനുകൂലമായ ശുപാർശയ്ക്കുംശേഷമാണ് എൻ.ടി.പി.സി. ഈ തുക അടയ്ക്കാൻ തയ്യാറായത്. ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത്, ഇനിയും കുറച്ച് കേസുകൾ നിൽക്കുകയാണ്. ഏതാണ്ട് 50%-ൽ അധികം തുക ട്രഷറിയിൽ കിടക്കുന്നു. കേസ് പലയിടത്തും നിൽക്കുകയാണ്. ഗവൺമെന്റ് മുൻകൈയെടുത്ത് ഒരു അദാലത്ത് വിളിച്ചാൽ ഈ ഭൂമി നഷ്ടപ്പെട്ട ആളുകൾക്ക് തുക ലഭ്യമാക്കാൻ കഴിയും. അത് എൻ.ടി.പി.സി. കെട്ടിവച്ചിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി ഒരു അദാലത്ത് വിളിച്ചുചേർത്ത് ട്രഷറിയിൽ കെട്ടിവച്ചിരിക്കുന്ന തുക വിതരണം ചെയ്യുന്നതിന് മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എല്ലാ രാഷ്ട്രീയ കക്ഷികളും ഉൾപ്പെടുന്ന, വസ്തു ഉടമസ്ഥരുടെ സംഘടന ഇത് അനുവദിക്കുന്നതിന് ചില പ്രക്ഷോഭങ്ങളൊക്കെ നടത്തി. ചില കേസുകളും എൻ.ടി.പി.സി. വാദിയായി നിലവിലുണ്ട്. സ്ത്രീകളും വൃദ്ധൻമാരും ഒക്കെ ഈ രണ്ട് കാര്യങ്ങളിൽ കേസുമായി നടക്കുകയാണ്. ഈ രണ്ട് കാര്യങ്ങളിൽ മുഖ്യമന്ത്രി മുൻകൈയെടുത്ത് തീരുമാനമെടുക്കാൻ തയ്യാറാകണം. ബഹുമാനപ്പെട്ട ഹസ്സന്റെ മണ്ഡലംകൂടി ഉൾപ്പെടുന്നതാണ് ഈ പ്രദേശം. കേസ് പിൻവലിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഉദാരമായ സമീപനം സ്വീകരിക്കണം.

മുഖ്യമന്ത്രി (*ശ്രീ. ഉമ്മൻ ചാണ്ടി*): കേസ് പിൻവലിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഉദാരമായ സമീപനം സ്വീകരിക്കും. ഇതുസംബന്ധിച്ച് അപേക്ഷ കിട്ടിയാൽ മതി ഉടൻ തീരുമാനമെടുക്കും. തുക സംബന്ധിച്ച് ശ്രീ. ടി. കെ. ദേവകുമാർ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത് ശരിയാണ്. ഒരു ധാരണ ഉണ്ടായി അത് അനുസരിച്ച് രൂപ കെട്ടിവച്ചിട്ടുണ്ട്. 5 ലക്ഷത്തിൽ കൂടുതൽ നഷ്ടപരിഹാരം അനുവദിച്ച കേസുകളിൽ സർക്കാരിന്റെ അനുമതി വാങ്ങിയശേഷമേ തുക കെട്ടിവയ്ക്കാറുള്ളു. 50 ശതമാനം കേസുകളിൽ കോടതി തീർപ്പാകുന്ന മുറയ്ക്ക് തുക കെട്ടിവയ്ക്കും. അദാലത്ത് നടത്തി ഇതിന് തീരുമാനമെടുക്കാൻ ഗവണ്മെന്റ് ശ്രമിക്കാം.

ശ്രീ. ടി. കെ. ദേവകുമാർ: എ. ജി.യുടെയും റവന്യൂ സെക്രട്ടറിയുടെയും ഒപ്പീനിയനുവേണ്ടി കൊടുത്തുകഴിഞ്ഞു. ഒരു അദാലത്ത് വയ്ക്കാൻ അങ്ങ് മുൻകൈയെടുക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: തീർച്ചയായും. കാരണം, ഇത് ഭൂമി കൊടുത്തതാണ്. അദാലത്തിൽ തീർക്കാവുന്നതാണെങ്കിൽ അദാലത്ത് വയ്ക്കാം. അവർക്ക് നഷ്ട പരിഹാരം കൊടുക്കാൻതന്നെ വളരെ വൈകി. ഇനി ഇത് എത്രയുംവേഗം ലഭിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെയും താൽപ്പര്യം. അദാലത്ത് വച്ചാൽ തീർക്കാവുന്നതാണെങ്കിൽ അതിന് ഗവൺമെന്റ് മുൻകൈയെടുക്കും.

(11) ദുഃഖ വെള്ളിയാഴ്ച സംസ്ഥാനത്തെ മദ്യശാലകൾ അടച്ചിടാൻ നടപടി

ശ്രീ. റോഷി അഗസ്റ്റിൻ : ലോകമെമ്പാടുമുള്ള ക്രൈസ്തവരും സമസ്ത ജനവിഭാഗങ്ങളും പാവനമായി സ്മരിക്കുന്ന ദിനമാണ് ദുഃഖ വെള്ളിയാഴ്ച. ക്രൈസ്തവ വിശ്വാസം അനുസരിച്ച് ക്രിസ്തുമത സ്ഥാപകനായ യേശുക്രിസ്തുവിനെ യഹൂദന്മാർ വധിക്കപ്പെട്ടതായി ആചരിക്കുന്ന ദിനമാണ് അന്ന്. ക്രിസ്തുവിന്റെ മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും ഉൾക്കൊള്ളുന്ന പവിത്രമായ വിശ്വാസത്തിന്റെ പുനരാവിഷ്കരണമാണ് ദുഃഖ വെള്ളിയാഴ്ചകളിൽ അനുസ്മരിക്കുന്നത്. ഇത് ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്ര ബിന്ദുവാണ്. പീഡനം ഏറ്റ് തളർന്ന് കുരിശിലേറ്റി മരിക്കപ്പെട്ട ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെ സ്മരണകളിൽ ക്രൈസ്തവർ ദുഃഖ വെള്ളിയാഴ്ച കുരിശിന്റെ വഴിയായി ആചരിക്കുന്നു. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സഹനത്തിന്റെയും വിശുദ്ധിയുടെയും നാളായ ദുഃഖ വെള്ളിയാഴ്ചകളിൽ സംസ്ഥാനത്തെ മദ്യശാലകൾ അടച്ചിടാൻ നടപടിയുണ്ടാകണമെന്ന ആവശ്യമാണ് ഞാൻ സബ്മിഷനായി ഉന്നയിക്കുന്നത്. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ക്രൈസ്തവർ ദുഃഖ വെള്ളിയാഴ്ച പാവനമായി സ്മരിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതുപോലെ ഇതര മതവിഭാഗങ്ങളിൽപ്പെട്ട വിവിധ വിഭാഗക്കാരും

LIBRARY ARCHIVES Kerala Legislative Assembly